## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7427** **17.7.2012-ൽ മറുപടിക്ക്**

### മാലിന്യ സംസ്കരണത്തിന് വിദേശ മാതൃക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും മാലിന്യം സംസ്കരിക്കുന്നതിനും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനും വിദേശ മാതൃക സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് പ്രസ്തുത വിദേശമാതൃക സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. ആയത് പ്രകാരം തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന പ്ലാന്റ് 2012 നവംബറിൽ പ്രവർത്തനം ആരംഭിക്കും. കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിലും, കോട്ടയം, കണ്ണൂർ നഗരസഭകളിലും ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| ബി) വിദേശമാതൃക വഴി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ആഗോള ടെൻഡർ വിളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണ് ടെൻഡറുകൾ വിളിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) ഇതിലേക്കായി ആഗോള ടെൻഡർ വിളിച്ചിട്ടില്ല. ദേശീയതലത്തിലുള്ള ഏജൻസികളിൽ നിന്നാണ് പി.പി.പി അടിസ്ഥാനത്തിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. |
| സി) ദിവസേന എത്ര ടൺ മാലിന്യം സംസ്കരിക്കാൻശേഷിയുള്ള പ്ലാന്റുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; ഇത്തരത്തിൽ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശമുണ്ടോ; അതിന് കെ.എസ്.ഇ.ബി.യുമായി ധാരണ ആയിട്ടുണ്ടോ; വിശദമാക്കുമോ ; | സി) നഗരസഭകളിലും, കോർപ്പറേഷനുകളിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആധുനിക മാലിന്യ സംസ്കരണ പ്ലാന്റിൽ ദിവസേന താഴെ പറയുന്ന പ്രകാരം മാലിന്യം സംസ്കരിക്കാൻ പറ്റുന്നവയായിരിക്കും.<br>തിരുവനന്തപുരം കോർപ്പറേഷൻ – 35 ടൺ പ്രതിദിനം (പ്രവർത്തനക്ഷമത പരിശോധിച്ച് ആയത് 6 മാസത്തിനുള്ളിൽ 100 ടൺ ആയി ഉയർത്തും.)<br>കൊല്ലം കോർപ്പറേഷൻ–150-250 ടൺ പ്രതിദിനം<br>കൊച്ചി കോർപ്പറേഷൻ–300-500 ടൺ "<br>തൃശ്ശൂർ കോർപ്പറേഷൻ–150 -250 ടൺ "<br>കോഴിക്കോട് കോർപ്പറേഷൻ–150–250 ടൺ "<br>കോട്ടയം നഗരസഭ – 50 – 100 ടൺ "<br>കണ്ണൂർ നഗരസഭ – 50 - 100 ടൺ " |

ഇതിൽ തിരുവനന്തപുരം നഗരസഭയിൽ സ്ഥാപിക്കുന്ന ആധുനിക മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഏറ്റെടുക്കുന്നത് കെ.എസ്.ഇ.ബി യുടെ പരിഗണനയിലാണ്.

ഡി) റെയിൽവേയുടേതുൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നതു വഴി ആയിരക്കണക്കിനാളുകൾ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ വിദേശമാതൃകയിലുള്ള മാലിന്യസംസ്കരണ പ്ലാന്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ?

ഡി) ഷൊർണ്ണൂർ നഗരസഭയിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതി നെപറ്റി ഇപ്പോൾ തീരുമാനം എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ